# താടി വളർത്തൽ നിർബ്ബന്ധം

**ഗ്രന്ഥകർത്താവ്:** മുഹമ്മദ്ബ്നു ജമീൽ സൈനു
**അവലംബ ഗ്രന്ഥം:** كيف نربي أولادنا وما هو واجب الآباء والأبناء
**വിവർത്തനം:** സയ്യിദ് സഅ്ഫർ സ്വാദിഖ്

**1- പിശാചിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു:**

(ولآمرنهم فَلَيغيرن خلْق الله) (النساء:119)

**"ഞാനവരോട് കൽപിക്കുമ്പോൾ അവർ അല്ലാഹുവിൻെറ സൃഷ്ടി(പ്രകൃതി)യെ അലങ്കോല പ്പെടുത്തും" (നിസാഅ്:119)**

**താടി വടിക്കുന്നത് അല്ലാഹുവിൻെറ സൃഷ്ടിപ്പിൽ മാറ്റം വരുത്തലാണ്, അതോടൊപ്പം പിശാചിനെ അനുസരിക്കലുമാകുന്നു.**

**2- പ്രവാചകൻ(ﷺ) പറയുന്നു:**

(جزوا الشوارِب وأَرخوا اللحى خالفُوا الْمجوس ) (مسلم)

**"നിങ്ങൾ മീശ വെട്ടുകയും, താടി വളർത്തുകയും, മജൂസികളോട് എതിരാവുകയും ചെയ്യുക" (മുസ്ലിം)**

**അതായത് ചുണ്ടിലേക്കിറങ്ങുന്ന മീശ വെട്ടുകയും, താടി വളർത്തിക്കൊണ്ട് അവിശ്വാസി കളോട് എതിരാവുകയും ചെയ്യുക.**

**3- തിരുമേനി(ﷺ) പറയുന്നു:**

( عشر من الْفطْرة: قَص الشارِبِ، وإِعفَاءُ اللحية، والسواكُ، واستنشاق الْماءِ، وقَص الأَظْفَارِ، وغَسلُ الْبراجِمِ ،ونتف الْإِبِط، وحلْق الْعانة ، وانتقَاص الْماءِ ) (مسلم)

**"പത്ത് കാര്യങ്ങൾ ശുദ്ധ പ്രകൃതിയിൽ പെട്ടതാണ്. മീശ വെട്ടുക, താടി വളർത്തുക, ദന്തശുദ്ധീകരണം, വായിൽ വെള്ളം കൊപ്ളിക്കൽ, നഖം മുറിക്കൽ, വിരലുകൾക്കിടയിലുള്ള**

വിടവുകൾ വൃത്തിയാക്കുക, കക്ഷ രോമം നീക്കുക, ഗുഹ്യരോമങ്ങൾ നീക്കുക, ശൗചം ചെയ്യുക" (മുസ്‌ലിം)

താടി വളർത്തുകയെന്നത് അല്ലാഹു നിശ്ചയിച്ച ശുദ്ധ പ്രകൃതിയിൽ പെട്ടതാണ്. അത്കൊണ്ട്തന്നെ അത് വടിക്കൽ നിഷിദ്ധവുമാണ്.

4- സ്ത്രീകളോട് സാമ്യം പുലർത്തുന്നവരെ നബി(ﷺ) ശപിക്കുന്നത് ശ്രദ്ധിക്കുക:

(لَعن رسولُ الله صلى الله علَيه وسلم الْمتشبهِين من الرجالِ بِالنساءِ ) (بخاري)

"പുരുഷന്മാരിൽ നിന്ന് സ്ത്രീകളോട് സാദൃശ്യപ്പെടുന്നവരെ അല്ലാഹുവിൻെറ റസൂൽ ശപിച്ചിരിക്കുന്നു" (ബുഖാരി)

താടി വടിക്കുന്നത് സ്ത്രീകളോട് സാമ്യത പുലർത്തുന്നതും, അല്ലാഹുവിൻെറ കാരുണ്യത്തെ തടഞ്ഞ് നിറുത്തുന്നതുമാണ്.

5- തിരുമേനി(ﷺ) പറയുന്നു:

(لكني أَمرنِي ربي عز وجل أن أعفي لحيتي وأن أُقُص شاربِي) (حسن رواه إبن جرير)

"പക്ഷേ, എൻെറ രക്ഷിതാവ് എന്നോട് താടി വളർത്തുവാനും, എൻെറ മീശ വെട്ടുവാനും കൽപിച്ചിരിക്കുന്നു" (ഇബ്നു ജരീർ ഉദ്ധരിച്ചത്)

താടി വളർത്തുകയെന്നത് അല്ലാഹുവിൻെറയും അവൻെറ ദൂതരുടെയും നിർബ്ബന്ധ കൽപനയാകുന്നു.